# ദൂത് 3: കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ശക്തിയുടെ മൂന്ന് സാരാംശങ്ങളാൽ—പ്രാർഥനയാലും, ആത്മാവിനാലും, വചനത്താലും—ഒരുമനസ്സ് നിലനിർത്തുന്നു

## I. ദൈവത്തിന്റെ നീക്കത്തിനായി പ്രാർഥനയാലും, ആത്മാവിനാലും, വചനത്താലും നമുക്ക് ഒരുമനസ്സ് നിലനിർത്തുവാൻ കഴിയും; നാം വചനത്തിൽ അധ്വാനിക്കുന്നവരും, പ്രാർഥനയിൽ അധ്വാനിക്കുന്നവരും, പരിശുദ്ധാത്മാവുമായി ഇടപെടുന്നതിൽ ഉത്സാഹമുള്ളവരും ആയിരിക്കണം

- പ്രാർഥനയും, ആത്മാവും, വചനവുമാണ് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ശക്തിയുടെ മൂന്ന് സാരാംശങ്ങൾ. വചനം പ്രചരിപ്പിക്കുവാനുള്ള ശക്തിയായി നമുക്ക് ആത്മാവ് ഉണ്ടായിരിക്കുവാൻ നാം പ്രാർഥിക്കണം. നാം വിശുദ്ധ വചനത്താൽ നമ്മെത്തന്നെ സാന്ദ്രീകരിക്കുകയും, സംരചിക്കുകയും, കുതിർക്കുകയുംപോലും വേണം; സുവിശേഷം പ്രസംഗിക്കുവാൻ നമുക്ക് ഭാരമുണ്ടെങ്കിൽ, നാം വചനത്തിലേക്ക് കടക്കുകയും, വചനം അറിയുന്ന വ്യക്തികളായിരിക്കുകയും വേണം. ഉള്ളിലും പുറമെയും, സാരാംശാപരമായും വ്യവസ്ഥാപരമായും ആത്മാവിനാൽ നിറഞ്ഞ ശക്തിയുള്ള വ്യക്തികളായിത്തീരുവാൻ നമ്മുടെ മുഴുവൻ ആളത്തത്തെയും വെളിച്ചത്തിലേക്ക് കൊണ്ടുവരാനും, അവനാൽ ഇടപെടൽ പ്രാപിക്കുവാനും നാം കർത്താവിനോട് ആവശ്യപ്പെടണം. പ്രാർഥന, ആത്മാവ്, വചനം എന്നിവയല്ലാതെ മറ്റൊരു മാർഗം എടുക്കുന്നതിനെക്കുറിച്ച് നാം ചിന്തിക്കരുത്; മറ്റേതൊരു രീതിയും വിയോജിപ്പിനും ഭിന്നതയ്ക്കും കാരണമാകും..
  [Acts. 1:14] ഇവർ എല്ലാവരും,... ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു. [Acts. 4:31] അവർ അപ്രകാരം അപേക്ഷിച്ചു കഴിഞ്ഞപ്പോൾ,... അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുകയും ധൈര്യത്തോടെ ദൈവവചനം സംസാരിക്കുവാൻ തുടങ്ങുകയും ചെയ്തു.

## II. വചനത്തിലൂടെയുള്ള വിശുദ്ധീകരണം ഭിന്നതയുടെ ഘടകങ്ങളോട് ഇടപെടുന്നതിലൂടെ ഒരുമയിൽ പരിണമിക്കുന്നു; സത്യം വിശുദ്ധീകരിക്കുകയും, വിശുദ്ധീകരണം ഒരുമയിൽ പരിണമിക്കുകയും ചെയ്യുന്നു

- വിശുദ്ധീകരിക്കുന്ന വചനവും, വിശുദ്ധീകരിക്കുന്ന ആത്മാവും, വിശുദ്ധീകരിക്കുന്ന ജീവനും, വിശുദ്ധീകരിക്കുന്ന ദൈവവുമെല്ലാം ഒന്നാണ്; ഒന്നായിരിക്കണമെങ്കിൽ, നാം “നമ്മിൽ”, അതായത് ത്രിയേക ദൈവത്തിൽ ആയിരിക്കണം. ത്രിയേക ദൈവത്തിലായിരിക്കാനുള്ള ഏക മാർഗം, ഭിന്നതയുടെ എല്ലാ ഘടകങ്ങളോടും ഇടപെടുന്ന വിശുദ്ധീകരിക്കുന്ന സത്യത്താലാണ്. നാം ത്രിയേക ദൈവത്തിൽനിന്ന് പുറത്താകുമ്പോഴെല്ലാം, നാം ഉടനെ വിഭജിക്കപ്പെടുന്നു. എല്ലാ പ്രഭാതത്തിലും രാവിലെ നാം കർത്താവിനെ ബന്ധപ്പെടുകയും, ജീവനുള്ള വചനത്തെ സ്പർശിക്കുകയും, നമ്മുടെ ആളത്തത്തിലേക്ക് ദിവ്യ യാഥാർഥ്യം സന്നിവേശിപ്പിക്കപ്പെടുകയും വേണം; ഈ വിധത്തിൽ നാം കർത്താവിനെ ബന്ധപ്പെടുമ്പോൾ, ഭിന്നതയുടെ ഘടകങ്ങളെ ജയിക്കുന്നു. സത്യവചനം മുഖാന്തരമുള്ള വിശുദ്ധീകരണം ക്രിസ്തുവിന്റെ ശരീരത്തിന്റെ ഒരുമയിൽ പരിണമിക്കുന്നു, അത് ത്രിയേക ദൈവത്തിന്റെ വിപുലമാക്കപ്പെട്ട ഒരുമയാണ്. വിഭജനത്തിന് നാല് ഘടകങ്ങളുണ്ട്: ① ലൗകികത—ഒരു പ്രത്യേക വശത്തിൽ നാം ലോകത്തെ സ്നേഹിക്കുന്നിടത്തോളം ലൗകികതയുടെ ആ വശം വിഭജനത്തിന് കാരണമായിത്തീരുന്നു; ②അതിമോഹം—വചനത്തിലൂടെ നാം കർത്താവിനെ ബന്ധപ്പെടുകയും അവനെത്തന്നെ നമ്മിലേക്ക് സന്നിവേശിപ്പിക്കുവാൻ അവനെ അനുവദിക്കുകയും ചെയ്യുമ്പോൾ, നമ്മുടെ ആളത്തത്തിലേക്ക് അങ്ങനെ പകരപ്പെട്ട സത്യം നമ്മുടെ അതിമോഹത്തെ കൊല്ലുന്നു ③ സ്വയ-മഹത്വീകരണം—നാം ആരുമല്ലാത്തവരായിരിക്കുവാനും സാർവത്രികമായി സർവാത്മകതയുള്ളവനായ ക്രിസ്തുവിനെ മാത്രം ആരെങ്കിലുമായി ഉയർത്തുവാനും മനസ്സുള്ളവരായിരിക്കണം; ④ അഭിപ്രായങ്ങളും ധാരണകളും—നമ്മുടെ അഭിപ്രായത്തെ നാം മുറുകെപ്പിടിക്കാതെ—സഭയുടെ കെട്ടുപണിക്കുവേണ്ടി ജീവനും സകലവുമായുള്ള ക്രിസ്തുവിന്റെ പ്രത്യുദ്ധാരം—എന്ന കർത്താവിന്റെ ലക്ഷ്യത്തെ പിൻപറ്റണം. [John 17:17] സത്യത്തിൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു. [John 17:21-23] നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ. നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു എന്നും ലോകം അറിയേണ്ടതിനു, ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ.

## III. നാം നമ്മിൽനിന്ന് പുറത്തുവന്ന് ത്രിയേക ദൈവത്തിലേക്ക് നീങ്ങുമ്പോൾ, നാം ഒന്നാകുകയും, ഒരുമനസ്സിൽ ഒന്നായി തികഞ്ഞവരാക്കപ്പെടുകയും ചെയ്യുന്നു

- വിശുദ്ധീകരിക്കപ്പെടുകയെന്നാൽ നമ്മിൽനിന്ന് ത്രിയേക ദൈവത്തിലേക്ക് നീങ്ങുകയും നമ്മിൽ ജീവിക്കുവാൻ ക്രിസ്തുവിനെ അനുവദിക്കുകയും ചെയ്യുക എന്നാണ്; ഈ വിധത്തിൽ നാം ഒന്നായി തികഞ്ഞവരാക്കപ്പെടുന്നു. എല്ലാ പ്രഭാതത്തിലും നാം വചനത്തിലേക്ക് വരുമ്പോൾ, ബാഹ്യമായി നാം വചനത്തെ സ്പർശിക്കുന്നു, എന്നാൽ ആന്തരികമായി ആത്മാവ് നമ്മെ സ്പർശിക്കുന്നു; യാഥാർഥ്യത്തിന്റെ വചനത്താലും യാഥാർഥ്യത്തിന്റെ ആത്മാവിനാലും, നാം വിശുദ്ധീകരിക്കപ്പെടുന്നു. നാം എത്രയധികം വചനത്തെ സ്പർശിക്കുകയും, എത്രയധികം ആത്മാവ് നമ്മെ സ്പർശിക്കുകയും ചെയ്യുമോ, അത്രയധികം നമ്മിൽനിന്ന് നാം പുറത്തേക്ക് നീങ്ങുന്നു; സ്വയം എന്ന ഒരു വാസസ്ഥലത്തുനിന്നും ത്രിയേക ദൈവം എന്ന മറ്റൊരു വാസസ്ഥലത്തിലേക്ക് നാം നിങ്ങുന്നു. നാം തുടർച്ചയായി വചനത്തെ സ്പർശിക്കുകയും ദിനംപ്രതി നമ്മെ സ്പർശിക്കുവാൻ ആത്മാവിനെ അനുവദിക്കുകയും ചെയ്യുന്നുവെങ്കിൽ, നാം വിശുദ്ധീകരിക്കപ്പെടും; അതായത്, നമ്മുടെ പഴയ താമസസ്ഥലമായ നമ്മിൽനിന്ന്, നമ്മുടെ പുതിയ താമസസ്ഥലമായ ത്രിയേക ദൈവത്തിലേക്ക് നാം നീങ്ങും. പിതാവിൽ ജീവിക്കുകയും നമ്മിൽ ജീവിക്കുവാൻ ക്രിസ്തുവിനെ അനുവദിക്കുകയും പിതാവിന്റെ തേജസ്സിൽ, അവന്റെ ആവിഷ്കാരത്തിൽ ജീവിക്കുകയും ചെയ്യുന്നതാണ് യഥാർഥ ഒരുമ.

നാം നമ്മിൽനിന്ന് പുറത്തുവന്ന് ത്രിയേക ദൈവത്തിലേക്ക് നീങ്ങുകയും പിതാവിന്റെ തേജസ്സിനായി, അവന്റെ ആവിഷ്കാരത്തിനായി, അവനിൽ നിലനിൽക്കുകയും വേണം. യഥാർഥ കെട്ടുപണിയും, ഒരുമയും, ഒരുമയുടെ അനുഷ്ഠാനമായ ഒരുമനസ്സും ത്രിയേക ദൈവത്തിൽ മാത്രം സാധ്യമായതാണ്, ക്രിസ്തു നമ്മിൽ ജീവിക്കുമ്പോൾ മാത്രമേ അത് പ്രബലമായിരിക്കുകയുള്ളൂ; അപ്പോൾ നമുക്ക് പിതാവിനെ തേജസ്സിൽ ആവിഷ്കരിക്കുവാനും യഥാർഥ ഒരുമ അനുഭവമാക്കുവാനും കഴിയും. [John 6:63] ..ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. [John 6:57] ..എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും. [Eph. 4:16] അവനിൽനിന്ന് ശരീരം മുഴുവനും, ...കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

## IV. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും പ്രവർത്തിക്കുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങളായിരിക്കത്തക്കവണ്ണം സാരാംശാപരമായും വ്യവസ്ഥാപരമായും ആത്മാവിനാൽ നിറഞ്ഞിരിക്കുന്നതിനായി നമുക്കാവശ്യമായ പ്രാർഥന പ്രവൃത്തികളുടെ പുസ്തകം കാണിക്കുന്നു

- നമുക്കാവശ്യമായ പ്രാർഥന: ① ആത്മാവിന്റെ പകർച്ചയിൽ കൊണ്ടുവരപ്പെട്ട പ്രാർഥനയാണ്; ②ഭൂമിയെ കുലുക്കുകയും ധൈര്യത്തോടെ ദൈവവചനം സംസാരിക്കുവാൻ ശിഷ്യന്മാരെ പരിശുദ്ധാത്മാവിനാൽ ശക്തരാക്കുകയും ചെയ്ത പ്രാർഥനയാണ്; ③വചന ശുശ്രൂഷയുമായി പൊരുത്തപ്പെടുന്ന അപ്പൊസ്തലന്മാരുടെ പ്രാർഥനയാണ്; ④പത്രൊസിനെ ഒരു വിവശതയിലേക്ക് കൊണ്ടുവരുകയും അവന് ഒരു സ്വർഗീയ ദർശനം നൽകിയതുമായ പ്രാർഥനയാണ്; ⑤പത്രൊസിനുവേണ്ടി കാരാഗൃഹത്തിന്റെ കവാടം തുറന്ന പ്രാർഥനയാണ്; ⑥അഞ്ച് പ്രവാചകന്മാരെയും ഉപദേഷ്ടാക്കളെയും കർത്താവിന്റെ നിയോഗത്തിലേക്ക് കൊണ്ടുവന്ന പ്രാർഥനയാണ്; ⑦ഒരു വലിയ ഭൂകമ്പത്തെ കൊണ്ടുവരുകയും കാരാഗൃഹത്തിന്റെ അടിസ്ഥാനത്തെ ഇളക്കുകയും ചെയ്ത പ്രാർഥനയാണ്; ⑧ പൗലൊസിനെ ഒരു വിവശതയിലേക്കും അവനോടുള്ള കർത്താവിന്റെ സംസാരത്തിലേക്കും കൊണ്ടുവന്ന പ്രാർഥനയാണ്. [Acts 4:31] അവർ അപ്രകാരം അപേക്ഷിച്ചു കഴിഞ്ഞപ്പോൾ, അവർ കൂടിവന്ന സ്ഥലം കുലുങ്ങുകയും, അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുകയും ധൈര്യത്തോടെ ദൈവവചനം സംസാരിക്കുവാൻ തുടങ്ങുകയും ചെയ്തു. [Acts 22:17] പിന്നെ ഞാൻ യെരൂശലേമിലേക്കു മടങ്ങിവന്നു ദൈവാലയത്തിൽ പ്രാർഥിക്കുമ്പോൾ ഒരു വിവശതയിലേക്കു പ്രവേശിച്ചു.

## V. സഭ കെട്ടുപണി ചെയ്യപ്പെടുന്നതിന് ദൈവത്തോടുകൂടെയുള്ള നമ്മുടെ വേല ഒരു ആത്മിക യുദ്ധമാണെന്നും പ്രാർഥന ദൈവത്തിന്റെ വേല നിവർത്തിക്കുന്നതിനുള്ള രഹസ്യമാണെന്നും പ്രവൃത്തികളുടെ പുസ്തകം കാണിക്കുന്നു

- കർത്താവിന്റെ മുമ്പാകെ നാം ഉച്ചരിക്കുന്ന പ്രാർഥനകൾ, പ്രത്യേകിച്ച് സഭയ്ക്കും സഭ കെട്ടുപണി ചെയ്യപ്പെടുന്നതിനായി നാം നിർവഹിക്കുന്ന വേലയ്ക്കും എതിരായ "എതിർ പ്രാർഥനകളെ" എതിർക്കുകയും ചെറുക്കുകയും വേണം. ഒരുമനസ്സ് നിലനിർത്തുന്നതിനും, ഒരുമ അനുഷ്ഠിക്കുന്നതിനും നാം "പ്രാർഥനയിൽ ഉറ്റിരിക്കുകയും, സ്തോത്രത്തോടെ അതിൽ ജാഗരിക്കുകയും" വേണം; നാം, കർത്താവിനോട് അടുത്ത ബന്ധം പുലർത്തിക്കൊണ്ട് ഇടവിടാതെ പ്രാർഥിക്കണം. പ്രാർഥനയില്ലായ്മ ഒരു പാപമാണ്; കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള എല്ലാവരും പ്രാർഥിക്കുന്നവരും പ്രാർഥനയില്ലായ്മ എന്ന പാപത്തിനെതിരെ നിൽക്കുന്നവരുമായിരിക്കണം. [Eph. 6:18] സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും, [1 Sam. 12:23] ഞാനോ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാതിരിക്കുന്നതിനാൽ യഹോവയോടു പാപം ചെയ്‌വാൻ ഇടവരരുതേ;.... [Col. 4:2] പ്രാർഥനയിൽ ഉറ്റിരിക്കുവിൻ, സ്തോത്രത്തോടെ അതിൽ ജാഗരിക്കുവിൻ,.